# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 07-02-2015

## കണ്ണൂർ ഡി.ഡി.ഇ യുടെ സസ്പെൻഷൻ ഉടൻ പിൻവലിക്കണം

- കെ എസ് ടി എ

രാഷ്ട്രീയ വിരോധത്തോടെ സ്വകാര്യ മാനേജുമെന്റുകളുടെ സമ്മർദ്ദത്തിനു വഴങ്ങി വിദ്യാഭ്യാസ വകുപ്പിലെ അധ്യാപകർക്കും ഉദ്യോഗസ്ഥർക്കുമെതിരെ സ്വീകരിക്കുന്ന പ്രതികാര നടപടികൾ അവസാനിപ്പിക്കണമെന്ന് കെ എസ് ടി എ സംസ്ഥാനകമ്മിറ്റി യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. കണ്ണൂർ ജില്ലയിലെ കടമ്പൂർ ഹൈസ്കൂൾ മാനേജുമെന്റിന്റെ താല്പര്യങ്ങൾക്കെതിരെ പ്രവർത്തിച്ചതിനാണ് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ദിനേശ് മഠത്തിലിനെ സസ്പെൻഡ് ചെയ്തത്. ഇപ്പോൾ വീണ്ടും ചില പ്രശ്നങ്ങൾ ഡി.ഡി.ഇ ക്കെതിരെ കുത്തിപ്പൊക്കാനുള്ള ശ്രമത്തിലാണ് അധികൃതർ. കണ്ണൂർ ഡി.ഡി.ഇ യുടെ സസ്പെൻഷൻ ഉടൻ പിൻവലിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് കെ എസ് ടി എ മുന്നറിയിപ്പ് നൽകി.

മുന്നിയൂർ ഹയർസെക്കന്ററി സ്കൂളിലെ അധ്യാപകനായിരുന്ന കെ കെ അനീഷിന്റെ പിരിച്ചുവിടലുമായി ബന്ധപ്പെട്ട എൻക്വയറി പൂർത്തിയായെങ്കിലും റിപ്പോർട്ട് പുറത്തുവിടാത്തത് ദുരുപദിഷ്ടമാണ്. ഇക്കാര്യത്തിലും അടിയന്തിര നടപടിയുണ്ടാകണം.

സർക്കാർ നേരത്തേ പ്രഖ്യാപിച്ചതുപോലെ ഉച്ചഭക്ഷണ വിതരണത്തിന്റെ സൂപ്പർവിഷനുവേണ്ടി സബ്ജില്ലാ തലത്തിൽ സൃഷ്ടിക്കാൻ പോവുന്ന നൂൺഫീഡിംഗ് ഓഫീസർ തസ്തിക അധ്യാപകരുടെ പ്രമോഷൻ തസ്തികയാക്കി മാറ്റണമെന്നും കെ എസ് ടി എ സംസ്ഥാന കമ്മിറ്റിയോഗം ആവശ്യപ്പെട്ടു.

യോഗത്തിൽ പ്രസിഡന്റ് കെ എൻ സുകുമാരൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എ കെ ഉണ്ണികൃഷ്ണൻ റിപ്പോർട്ട് അവതരിപ്പിച്ചു.

**എ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി